**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 215** | **23-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ കോവിഡ് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികളുടെ കോവിഡ് വാക്സിനേഷനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം പ്രായപരിധിയിലുള്ള കുട്ടികൾക്കാണ് നിലവിൽ വാക്സിനേഷൻ നൽകിയത്; ഓരോ പ്രായപരിധിയിലും ഉൾപ്പെട്ട കുട്ടികൾക്ക് നൽകി വരുന്ന വാക്സിനുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടത്തിവരുന്നത്. ഇതനുസരിച്ച്, 2022 ജനുവരി 3 ന് 15-17 വയസ്സ് പ്രായമുള്ളവർക്കുള്ള വാക്സിനേഷനും 2022 മാർച്ച് 16 ന് 12-14 വയസ്സ് പ്രായമുള്ളവർക്കുള്ള വാക്സിനേഷനും ആരംഭിച്ചു. പ്രസ്തുത വിഭാഗക്കാർക്കായുള്ള കോവിഡ് വാക്സിനേഷൻ സെഷൻ ആശുപത്രികളിലും, സ്കൂളുകളിലും / കോളേജുകളിലും നടത്തിവരുന്നു. അർഹരായ ഗുണഭോക്താക്കളെ അണിനിരത്തുന്നതിനും വിദ്യാഭ്യാസ വകുപ്പുമായി ഏകോപിപ്പിച്ച് കുട്ടികൾ / രക്ഷിതാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി വിവിധ IEC കാമ്പയിനുകൾ നടത്തുകയുണ്ടായി. സർക്കാർ CVC കൾ കൂടാതെ, പ്രൈവറ്റ് CVC കളെയും കുട്ടികളുടെ വാക്സിനേഷൻ ഡ്രൈവിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിച്ചു.<br><br>നിലവിൽ 12-17 (12-14 വയസും 15-17 വയസും) പ്രായമുള്ള കുട്ടികൾക്കാണ് കോവിഡ് വാക്സിനേഷൻ നൽകിവരുന്നത്. കുട്ടികൾക്ക് നൽകിവരുന്ന വാക്സിനുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | ഓരോ പ്രായപരിധിയിലും ഉൾപ്പെട്ട എത്ര കുട്ടികൾക്ക് കോവിഡ് വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര ശതമാനം വാക്സിനേഷൻ പൂർത്തീകരിച്ചു; സർക്കാർ ആശുപത്രികളിലൂടെ നൽകിയത് എത്ര; ഒന്നാം ഡോസും രണ്ടാം ഡോസും നൽകിയതിന്റെ കണക്ക് എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | സർക്കാർ / സ്വകാര്യ വാക്സിനേഷൻ സെന്ററുകൾ വഴി 17/08/2022 വരെ കുട്ടികൾക്ക് നൽകിയ വാക്സിന്റെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.<br><br>17/08/2022 വരെ കുട്ടികൾക്ക് നൽകിയ 35,17,788 ഡോസുകളിൽ 34,99,164 ഡോസുകൾ സർക്കാർ കേന്ദ്രങ്ങൾ വഴിയും 18,624 ഡോസുകൾ സ്വകാര്യ കേന്ദ്രങ്ങൾ വഴിയുമാണ് നൽകിയത്. |
| (സി) | കുട്ടികൾക്കു വേണ്ടിയുള്ള വാക്സിനേഷന് സർക്കാർ | (സി) | കുട്ടികൾക്കുള്ള കോവിഡ് വാക്സിനുകൾ |

| | | | |
|---|---|---|---|
| | ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും മതിയായ സെന്ററുകൾ ലഭ്യമല്ലയെന്നും സ്വകാര്യ ആശുപത്രികളിൽ പോലും വാക്സിനേഷന് മതിയായ സൗകര്യമില്ലയെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒന്നാം ഡോസ് വാക്സിൻ എടുത്തവർക്ക് രണ്ടാം ഡോസ് ലഭിയ്ക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | | സംസ്ഥാനത്തുടനീളമുള്ള എല്ലാ സർക്കാർ വാക്സിനേഷൻ കേന്ദ്രങ്ങളിലും ലഭ്യമാണ്. ഡോസ് 1 / ഡോസ് 2 ഇനിയും ലഭിക്കാത്ത കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് മതിയായ സെഷനുകൾ പ്രസിദ്ധീകരിക്കാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അർഹരായ ഗുണഭോക്താക്കൾക്ക് സ്കൂളുകളിലും വാക്സിനേഷൻ സെഷനുകൾ ആസൂത്രണം ചെയ്യുന്നുണ്ട്. |
| (ഡി) | സ്കൂൾ വിദ്യാർത്ഥികൾക്ക് കോവിഡ് വാക്സിനേഷൻ നിർബന്ധമാക്കി ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | സ്കൂൾ വിദ്യാർത്ഥികൾക്ക് കോവിഡ് വാക്സിനേഷൻ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ഇ) | സ്കൂളുകൾ കേന്ദ്രീകരിച്ച് വാക്സിനേഷൻ നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | കുട്ടികൾക്കുള്ള കോവിഡ് വാക്സിനേഷൻ ആരംഭിച്ചതു മുതൽ വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ സ്കൂളുകളിൽ തന്നെ വാക്സിനേഷൻ നടത്താൻ ജില്ലകൾക്ക് അനുമതി നൽകിയിരുന്നു. അർഹരായ കുട്ടികൾ സ്കൂളുകളിൽ ഉള്ളപക്ഷം സ്കൂളുകളിൽതന്നെ വാക്സിനേഷൻ സെഷനുകൾ ആസൂത്രണം ചെയ്യുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുമാണ് കോവിഡ് വാക്സിനേഷൻ സെഷനുകൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## കുട്ടികൾക്ക് നൽകിവരുന്ന കോവിഡ് വാക്സിനുകൾ

| വയസ്സ് | സർക്കാർ മേഖലയിൽ നൽകിവരുന്ന വാക്സിനുകൾ | സ്വകാര്യ മേഖലയിൽ നൽകിവരുന്ന വാക്സിനുകൾ |
|---|---|---|
| 12–14 വയസ്സ് | കോർബെവാക്സ് | കോർബെവാക്സ് & കോവാക്സിൻ |
| 15–17 വയസ്സ് | കോവാക്സിൻ | കോവാക്സിൻ, കോർബെവാക്സ് & കോവോവാക്സ് |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## 17/08/2022 വരെ കുട്ടികൾക്ക് നൽകിയ വാക്സിന്റെ വിശദാംശങ്ങൾ

| വയസ്സ് | 1st ഡോസ് | | 2nd ഡോസ് | |
|---|---|---|---|---|
| 12–14 വയസ്സ് | 7,92,614 | 78% | 4,68,306 | 46% |
| 15–17 വയസ്സ് | 13,17,843 | 86% | 9,39,025 | 61% |
| ആകെ | 35,17,788 | | | |

സെക്ഷൻ ഓഫീസർ